# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 197** 07.07.2015- ൽ മറുപടിക്ക്

## ഹാൻ്റക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഹാൻ്റക്സ് രൂപീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രാവർത്തികമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽ വൻതോതിൽ തുണിത്തരങ്ങൾ കെട്ടിക്കിടക്കുമ്പോഴും അവ വിറ്റഴിക്കാൻ കാണിക്കുന്നതിനേക്കാൾ താല്പര്യം അന്യസംസ്ഥാനങ്ങളിൽ നിന്നും തുണിത്തരങ്ങൾ വാങ്ങുന്നതിൽ കാണിക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നും ആവശ്യത്തിന് തുണിത്തരങ്ങൾ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും തുണിത്തരങ്ങൾ ശേഖരിക്കാറുണ്ട്. ഇത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്കുമേൽ അന്വേഷണം നടന്നു വരുന്നു. |
| (സി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങൾക്ക് സഹായകരമായ രീതിയിൽ ഹാൻ്റക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതിയതായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ? | (സി) അംഗസംഘങ്ങളെ കൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ, വിപണന സാദ്ധ്യതയ്ക്ക് അനുസരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനും അവ പരമാവധി സംഭരിച്ച് കൂടുതൽ വിൽപന നടത്തി പ്രാഥമിക സംഘങ്ങളെ സഹായിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

ആയതിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം, ആധുനിക രീതിയിൽ ചായം പിടിപ്പിക്കൽ, പുതിയ ഡിസൈൻ തയ്യാറാക്കുന്ന രീതി, ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രചോദനവേതനം എന്നീ പദ്ധതികൾ നടപ്പിലാക്കുകയും, തൊഴിലാളികൾക്ക് ആവശ്യമായ നൂൽ, ചായം മുതലായ അസംസ്കൃത വസ്തുക്കൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തു വരുന്നു. ഉൽപ്പന്നങ്ങളുടെ കൂടുതൽ വിപണനത്തിന് വേണ്ടി ആഘോഷവേളകളിൽ പ്രത്യേക പ്രദർശന വിൽപനശാലകൾ സംഘടിപ്പിച്ച് പരമാവധി വിൽപന നടത്തുന്നതിന് ഹാന്റക്സ് പ്രത്യേകം ശ്രദ്ധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ